ശ്രീ. കെ. എം. ജോർജ്ജ്: വളരെയധികം രോഗികളുള്ള ആശുപത്രികളിൽ ബെഡ്ഡുകളും കൊടുക്കുന്നതിനും ഉള്ളിടത്തോളം ഡോക്ടർമാരെ നിയമിക്കുന്നതിനും ശ്രദ്ധിക്കുമോ?

ഡോക്ടർ ഏ. ആർ. മേനോൻ: കഴിയുന്നതും എല്ലാം ചെയ്യാം.

ശ്രീ. കെ. എം. ജോർജ്ജ്: അടിമാലി ഡിസ്പെൻസറിയിൽ മതിൽകെട്ടാഞ്ഞത് അവിടെ താമസിക്കുന്ന രണ്ടു കുടികളും ദേവികുളം ഉപതിരഞ്ഞെടുപ്പു സമയത്തിൽ പൊളിക്കുകയില്ലെന്നു പറഞ്ഞിരുന്നതുകൊണ്ടാണോ?

ഡോക്ടർ ഏ ആർ. മേനോൻ: മതിൽകെട്ടാൻ ആർഡർ കൊടുത്തുകഴിഞ്ഞു.

ശ്രീ. കെ. എം. ജോർജ്ജ്: മൂവാറ്റുപുഴ ഗവണ്മെൻറാശുപത്രിയോടു ചേർന്ന് ഒരു കെട്ടിടം പണിതീർത്തിട്ട് ആറേഴുമാസമായി. അതു ഉദ്ഘാടനം ചെയ്യുന്നതിന് മന്ത്രി ശ്രദ്ധിക്കുമോ?

ഡോക്ടർ ഏ ആർ. മേനോൻ: ഓരോ മുഹൂർത്തമുട്ടുകൾ കൊണ്ടാണ് ചെയ്യാതിരിക്കുന്നത്. എല്ലാം കഴിയുന്നതുവേഗം ചെയ്യാം.

ശ്രീ. കെ. എം. ജോർജ്ജ്: ധാരാളം സ്ത്രീകൾ വരുന്ന കോതമംഗലം ആശുപത്രിയിൽ ഒരു ലേഡി ഡോക്ടറെ നിയമിക്കാൻ ശ്രദ്ധിക്കുമോ?

ഡോക്ടർ ഏ. ആർ. മേനോൻ: എല്ലാ ആശുപത്രികളിലും അങ്ങിനെ ലേഡി ഡോക്ടറന്മാരെ നിയമിക്കണമെങ്കിൽ അത്രത്തോളം ലേഡിഡോക്ടറന്മാർ വേണം. ഇപ്പോൾ അതില്ല.

പാലായിലുള്ള പുതിയ ഹൈസ്കൂൾ.

* 1643. [13] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലായിൽ ഒരു പുതിയ ഗവണ്മെൻറ് ഹൈസ്കൂൾ തുടങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് തുടങ്ങിയത്;

(സി) അവിടെ അനേകവർഷങ്ങളായി നടന്നുകൊണ്ടിരുന്ന സെൻറ് തോമസ് ബോയിസ് ഹൈസ്കൂളിൻറെയും സെൻറ മേരീസ് ഗേൾസ് ഹൈസ്കൂളിൻറെയും മദ്ധ്യത്തിലാണോ ഈ സ്കൂൾ; ഇപ്പോഴത്തെ സ്കൂളും ഈ ഹൈസ്കൂളുകളും തമ്മിൽ എത്ര ദൂരമുണ്ട്;

(ഡി) ഈ സ്കൂളിനുവേണ്ടി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്യണം; അതിന് ഉദ്ദേശം വിലയെത്ര;

(ഇ) എത്രപേരുടെ വസതികൾ നഷ്ടപ്പെടേണ്ടതായി വരും?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഉണ്ട്.

(ബി) 1958-59-ൽ.

(സി) അവിടെയുള്ള സെൻറ തോമസ് ബോയിസ് ഹൈസ്കൂളിൽ നിന്നു കുറെ ദൂരമുണ്ട് ഗവണ്മെൻറ ഹൈസ്കൂളിലേയ്ക്ക്.

(ഡി, ഇ) വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളൂ.

ശ്രീ. സി. ഏ. മാത്യു: സെൻറ തോമസ് ബോയിസ് ഹൈസ്കൂളിൻറെയും സെൻറ മേരീസ് ഗേൾസ് ഹൈസ്കൂളിൻറെയും മദ്ധ്യത്തിലാണോ ഈ സ്കൂൾ എന്നാണ് ചോദിച്ചിരിക്കുന്നത്. അതിനുത്തരം കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി: കൃത്യമായി മദ്ധ്യത്തിലാണെന്നു പറഞ്ഞുകൂടാ.

ശ്രീ. കെ. ഹസ്സൻ ഗനി: കൃത്യമായി മദ്ധ്യത്തിലല്ലെങ്കിലും ഈ സ്കൂളുകളിൽ നിന്നു എത്ര ദൂരത്തിലാണെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: രണ്ടു സ്കൂളുകളുടേയും ഇടയ്ക്കാണെന്നു പറയാം.

ശ്രീ. കെ. ടി. തോമസ്: റാഷണലൈസേഷൻ കമ്മിറ്റി അവിടെ ഹൈസ്കൂൾ തുടങ്ങണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ ജോസഫ് മുണ്ടശ്ശേരി: കമ്മിറ്റിക്കാർ ചിലടത്തു അവശ്യത്തിൽ കൂടുതൽ സ്കൂളുകൾ ഉണ്ടെന്നും ചിലടത്തു അവശ്യത്തിനു സ്കൂളില്ലെന്നുമെല്ലാമാണ് പറഞ്ഞിട്ടുള്ളതു്.

ശ്രീ. കെ. ടി. തോമസ്: വിദ്യാർത്ഥിപ്രക്ഷോഭണത്തിനശേഷം ഒരു പ്രതികാരനടപടിയായിട്ടാണു് ഹൈസ്കൂൾ തുടങ്ങിയതെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ പറയുന്നവർ ഉണ്ടാകാം.

ശ്രീ. ടി. ഏ തൊമ്മൻ: എന്തു ദൂരമുണ്ടെന്നുള്ളതിനു് മറുപടി പറഞ്ഞില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: കൃത്യമായ ദൂരം അളന്നുപറയാൻ അവശ്യപ്പെട്ടിട്ടുണ്ടു്. ആ വിവരം കിട്ടിയിട്ടു പറയാം.

ശ്രീമതി കുസുമം ജോസഫ്: ഒരു സ്കൂളിൽനിന്നു് മറ്റൊരു സ്കൂളിലേയ്ക്കു രണ്ടു ഫർലാംഗ് ദൂരമുള്ളതു എന്നറിയാമോ?

ശ്രീ ജോസഫ് മുണ്ടശ്ശേരി: കുറച്ചു കൂടുതൽ കാണുമെന്നാണു് തോന്നുന്നതു്.

ശ്രീ. കെ. എം. ജാർജ്ജ്: ഈ രണ്ടു പ്രൈവറ്റ സ്കൂളുകൾക്കുമായി രണ്ടര ഫർലാംഗ് അകലമേയുള്ളുവെന്നും അതിന്റെ മദ്ധ്യത്തിലാണു് പുതിയ സ്കൂൾ തുടങ്ങിയിരിക്കുന്നതെന്നും അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: മദ്ധ്യത്തിലാണെന്നു പറഞ്ഞാൽ ശരിയായിരിക്കയില്ല.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: പല സ്ഥലത്തും സ്കൂളുകൾ അവശ്യമായിരിക്കുമ്പോൾ രണ്ടു സ്കൂളുകളുടെ ഇടയിൽ ഒരു സ്കൂൾ സ്ഥാപിച്ചതെന്തുകൊണ്ടാണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: നിശ്ചയമായിട്ടും ആ സ്കൂളിന്റെ അവശ്യം അവിടെയുണ്ടു്. പല സൗകര്യത്തിലുമുള്ള കുട്ടികളുടേയും താല്പര്യം പരിഗണിച്ചു് മിഡിൽ സ്കൂൾ ആയിരുന്നതു് ഹൈസ്കൂളാക്കാൻ അനുവദിച്ചതാണു്.

ശ്രീ. കെ. സി. ഏബ്രഹാം: രണ്ടു് ഹൈസ്കൂളുകൾ തമ്മിൽ കുറഞ്ഞപക്ഷം രണ്ടു മൈലകലമെങ്കിലും ദൂരമുണ്ടായിരിക്കണമെന്നാണു് റൂൾ എന്നറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: രണ്ടുമൈലകലം ഉണ്ടോ എന്നതുമാത്രം നോക്കിയാൽ പോരാ, അവശ്യംകൂടി നോക്കണം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഇവിടെ മൂന്നുഫർലാംഗിനകത്തു് മൂന്നു ഹൈസ്കൂളുണ്ടെന്നുള്ള നില പരിഗണിച്ചുകൊണ്ടു് മലബാറിൽ കൂടെ സ്കൂളുകൾ അനുവദിക്കുവാൻ ഭയമുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ടയണകളെ സംബന്ധിച്ചുള്ള ദൂരത്തിന്റെ പരിഗണന കണക്കിലെടുക്കുവാൻ ഒക്കുകയില്ല. പാലം വളരെ അഭിവൃദ്ധി പ്രാപിക്കുവാൻ കാരണമുണ്ടെന്നും ഗവണ്മെന്റും കണക്കാക്കുന്നതുകൊണ്ടും അവിടെ കൂടുതലായി ഒരു സ്കൂൾ അനുവദിച്ചു എന്നേയുള്ളൂ.

ശ്രീമതി കുസുമം ജോസഫ്: പത്തു സ്കൂളുകളിൽനിന്നും പാസ്സായിട്ടുള്ള കുട്ടികൾക്കുവേണ്ടി ഒരു ഹൈസ്കൂൾ അനുവദിച്ചുതരണമെന്നും ഞാൻ ഒരു പെറ്റീഷൻ കൊടുത്തിരുന്നു. ആ സ്കൂൾ അനുവദിച്ചുവോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ നോക്കിയാൽ പല പെറ്റീഷനുകളും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ട്. ഓരോന്നിന്റെയും അവസ്ഥ പരിശോധിച്ചേ അനുവദിക്കുന്ന കാര്യം തീർച്ചപ്പെടുത്താൻ നിവൃത്തിയുള്ളൂ.

ശ്രീമതി ലീലാ ദാമോദരമേനോൻ: ചില സമുദായങ്ങൾക്കു അവിടെ പുതിയ സ്കൂൾ സ്ഥാപിച്ചുകൊണ്ടു വിക്ഷുബ്ധതകൾ ഉണ്ടാകുന്നു എന്നു പറയുന്ന നിലയ്ക്കു അതിനെപ്പറ്റി അന്വേഷണം നടത്തുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അവിടെ ഒരു പുതിയ സ്കൂൾ അനുവദിക്കേണ്ടതു് അത്യാവശ്യമാണെന്നു കാണിച്ചു് പരാതികൾ കിട്ടിയിട്ടുണ്ടു്.

ശ്രീമതി ലീലാ ദാമോദരമേനോൻ: ആ പരാതികൾക്കു് അടിസ്ഥാനമുണ്ടോ? എന്താണു് പരാതി?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അടിസ്ഥാനമുണ്ടു്. മറ്റു രണ്ടു സ്കൂളുകളിലും കുട്ടികൾക്കു് അഡ്മിഷൻ കിട്ടിയിട്ടില്ലാ എന്നാണു പരാതി.

ശ്രീ. ഇ. പി. പൗലോസ്: കഴിഞ്ഞകൊല്ലം സ്കൂൾ തുറക്കുമെന്നു പറഞ്ഞു് ഒരു ലിസ്റ്റു് പ്രസിദ്ധപ്പെടുത്തിയിരുന്നു. അങ്ങനെയുള്ള ലിസ്റ്റിൽ ഇതു് പ്രസിദ്ധപ്പെടുത്തിയിരുന്നോ? അതോ രണ്ടാമതു തുറന്നതാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇതു കുറെക്കാലമായി ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ആഫീസർ ശുപാർശ ചെയ്തിരുന്ന ഒരു കാര്യമാണു്. ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നു് നേരത്തെ അദ്ദേഹം പറഞ്ഞതാണു്.

ശ്രീ. ഇ. പി. പൗലോസ്: എന്റെ ചോദ്യം അതല്ല. 1959-ൽ ഗവണ്മെന്റു് പുതുതായി തുറക്കാൻ പോകുന്ന സ്കൂളുകളുടെ ലിസ്റ്റു് പബ്ലിഷ് ചെയ്തിരുന്നു. ആ ലിസ്റ്റിൽ ഇതു് ഉൾപ്പെടുത്തിയിരുന്നില്ലാ എന്നറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഒരു ലിസ്റ്റു മാത്രമല്ല. പല ലിസ്റ്റുകളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അതിലൊന്നിൽ ഈ സ്കൂളിന്റെ കാര്യവും കാണും.

ശ്രീമതി കുസുമം ജോസഫ്: എന്റെ ചോദ്യത്തിനു് അത്യാവശ്യമെന്നു കാണുന്ന സ്ഥലത്തു് സ്കൂളുകൾ തുറക്കുമെന്നു പറഞ്ഞു. അടുത്ത അവസരത്തിൽ ഇതിനെപ്പറ്റി ഞാൻ ഒരു പ്രമേയം അവതരിപ്പിച്ചപ്പോൾ അടുത്തകൊല്ലം ഒരൊറ്റ സ്കൂൾപോലും തുറക്കുകയില്ലെന്നു പറഞ്ഞതായി അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അപ്പോൾ ഒരു സ്കൂൾപോലും തുറക്കുകയില്ലാ എന്നു പറഞ്ഞതുകൊണ്ടു് പിന്നെ ഒരിക്കലും സ്കൂൾ തുറക്കുകയില്ലാ എന്നോ, ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ട കാര്യം നോക്കുകയില്ലാ എന്നോ അർത്ഥമില്ല.

LIBRARY ARCHIVES Kerala Legislative Assembly